## സർക്കുലർ

138/NSS/DHSE/2018 02 /11/2018

വിഷയം: എൻ എസ് എസ് വോളണ്ടിയർമാർക്ക് മൈന്റ് ഡിസൈൻ പരിശീലനം നൽകുന്നത് സംബന്ധിച്ച് മൈന്റ് ഡിസൈൻ അക്കാഡമി ഫൗണ്ടർ ഡയറക്ടർ ശ്രീ ആർ കെ മലയത്തിന്റെ കത്ത് തീയതി 11-10-2018

സംസ്ഥാന സർക്കാരിന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും ഇല്ലാതെ ഹൈസ്കൂൾ ഹയർ സെക്കണ്ടറി തലങ്ങളിലെ താല്പര്യമുള്ള സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് മൈന്റ് ഡിസൈൻ പരിശീലനം നൽകുന്നതിന് പൊതു വിദ്യാഭ്യാസ (പി) വകുപ്പിന്റെ ഉത്തരവ് നം. 56566/ പി.2/15 പൊ.വി. 15/02/16 പ്രകാരം സർക്കാർ അനുമതി നൽകുകയും ആ വിവരം ഹയർ സെക്കണ്ടറി ഡയറക്ടറുടെ കത്ത് നം. എ സി ഡി സി 1/20854/ എച്ച് എസ് ഇ/2015 തീയതി 30/04/2016 പ്രകാരം എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെയും അറിയിച്ചിരുന്നു.

മലയത്ത്സ് മൈന്റ് ഡിസൈൻ പരിപാടി നടത്തുന്നതിന് താല്പര്യമുള്ള നഗരസഭകൾക്കും പഞ്ചായത്തിനും അവരവരുടെ തനത് ഫണ്ടിൽ നിന്നും 30,000/- രൂപ (മുപ്പതിനായിരം രൂപ ) വരെ ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകിയിരുന്ന ഉത്തരവ് ജി എസ് ടി നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 35000/- ( മുപ്പത്തയ്യായിരം) രൂപയായി വർദ്ധിപ്പിച്ച് തദ്ദേശ സ്വയംഭരണ (എഫ് എം ) വകുപ്പിന്റെ സ.ഉ.(സാധാ) 3561/2017/ത.സ്വ.ഭ.വ. നമ്പർ 04/11/2017 തീയതി പ്രകാരം ഉത്തരവായിരുന്നു.

ആർ കെ മലയത്തിന്റെ (Phone Number - 4931 220490, 9447120490,malayath@gmail.com) മൈന്റ് ഡിസൈൻ പരിശീലനം താല്പര്യമുള്ള സ്കൂളുകളിലെ വിദ്യാത്ഥികൾക്ക് നൽകാൻ സർക്കാർ ഉത്തരവായതിനാലും താല്പര്യമുള്ള നഗരസഭകൾക്കും പഞ്ചായത്തുകൾക്കും അവരവരുടെ തനത് ഫണ്ടിൽ നിന്നും പരമാവധി വിനിയോഗിക്കാവുന്ന തുക 35000 രൂപയായി പുതുക്കി നിശ്ചയിച്ചതിനാലും നഗര

സഭാ പരിധിയിലും പഞ്ചായത്തുകളിലുമുള്ള ഹയർ സെക്കണ്ടറി സ്കൂളുകളിലെ എൻ എസ് എസ് യൂണിറ്റുകൾക്ക് മൈന്റ് ഡിസൈൻ പരിശീലനം നൽകാൻ താല്പര്യമുണ്ടെങ്കിൽ നഗരസഭകളിൽ നിന്നും പഞ്ചായത്തിൽ നിന്നും ആവശ്യമായ ഫണ്ട് ലഭിക്കുമെന്ന് ഉറപ്പുണ്ടെങ്കിൽ സ്കൂളിലെ അക്കാഡമിക്ക് ദിനങ്ങളെ ബാധിക്കാത്തവിധം മേൽപ്പറഞ്ഞ പരിപാടി നടത്താവുന്നതാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ